## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6300

08.07.2014 - ൽ
മറുപടിയ്ക്ക്

## ഫോറൻസിക് ലാബുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഫോറൻസിക് ലബോറട്ടറികൾ നവീകരിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (എ) | ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുകയും ഈ ലാബുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു. ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനത്തിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രജ്ഞന്മാർക്ക് ഫോറൻസിക് സയൻസിൽ ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകി വരുന്നു. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി.എൻ.എ., സൈബർ ഫോറൻസിക്, പോളിഗ്രാഫ് എന്നീ വിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, എറണാകുളം പോലീസ് റേഞ്ചിനുവേണ്ടി കോട്ടയത്ത് പുതുതായി റീജിയണൽ പോലീസ് ഫോറൻസിക് ലബോറട്ടറി തുടങ്ങുവാനുള്ള ശുപാർശ പരിഗണനയിലാണ്. |
| (ബി) ഫോറൻസിക് ലബോറട്ടറിയിൽ ഇപ്പോൾ എന്തെല്ലാം പരിശോധനകളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ബയോളജി, സെറോളജി, ഫിസിക്സ്, ബാലിസ്റ്റിക്, കെമിസ്ട്രി, ഡി.എൻ.എ., പോളിഗ്രാഫ്, എക്സ്പ്ലോസീവ്സ് ഡോക്യുമെന്റ്സ്, സൈബർ എന്നീ വിഭാഗങ്ങളിലെ വിവിധതരം പരിശോധനകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ